# അക്കാദമിക്

# മാസ്റ്റർ പ്ലാൻ

# 2025-26

## സ്കൂൾ വിവരങ്ങൾ

| | | |
|---|---|---|
| റവന്യൂ ജില്ല | : | പത്തനംതിട്ട |
| സ്കൂൾ കോഡ് | : | 38090 |
| സ്കൂളിന്റെ പേര് | : | ഗവൺമെന്റ് ഹൈസ്കൂൾ നാരങ്ങാനം |
| പിൻകോഡ് | : | 689642 |
| ഫോൺ നമ്പർ | : | 9496104760 |
| Email address | : | ghsnaranganam@gmail.com |
| ഗ്രാമപഞ്ചായത്ത് | : | നാരങ്ങാനം |
| വിദ്യാഭ്യാസ ജില്ല | : | പത്തനംതിട്ട |
| സബ്ജില്ല | : | കോഴഞ്ചേരി |
| ക്ലാസുകൾ | : | 1-10 |
| പഠനമാധ്യമം | : | മലയാളം & ഇംഗ്ലീഷ് |
| പ്രധാന അധ്യാപിക | : | വിനിതകമാരി. V |

2

## ആമുഖം

മലയോര ജില്ലയായ പത്തനംതിട്ടയുടെ തനിമ നിലനിൽക്കുന്ന ഒരു ഗ്രാമപ്രദേശമാണ് നാരങ്ങാനം. പത്തനംതിട്ട ജില്ലയിലെ ഇലന്തൂർ ബ്ലോക്കിൽ ഉള്ള നാരങ്ങാനം പഞ്ചായത്തിലെ രണ്ട് ഹൈസ്കൂളുകളിൽ ഒന്നാണ് നാരങ്ങാനം ഗവൺമെന്റ് ഹൈസ്കൂൾ. സാമ്പത്തികമായി വളരെ പിന്നോക്കം നിൽക്കുന്ന വീടുകളിൽ നിന്നും വരുന്നവരാണ് ഈ സ്കൂളിൽ പഠിക്കുന്ന കുട്ടികളിൽ ഭൂരിഭാഗവും. മഠത്തുംപടി, അന്ത്യാളംകാവ്, കാട്ടൂർ, അഞ്ചുതോട്, തറഭാഗം തുടങ്ങി വളരെ വിശാലമായ ഒരു പ്രദേശത്തെ കുട്ടികൾ ഹൈസ്കൂൾ വിദ്യാഭ്യാസത്തിനായി ആശ്രയിക്കുന്ന ഏക സ്ഥാപനമാണ് ഇത്. ജില്ലയ്ക്ക് തന്നെ അഭിമാനിക്കാവുന്ന പല നേട്ടങ്ങളായ എസ്എസ്എൽസി പരീക്ഷയിൽ തുടർച്ചയായുള്ള 100% വിജയം, എൽ.എസ്.എസ് പരീക്ഷയിലെ വിജയം, റെഡ് ക്രോസിന്റെ സജീവമായ പ്രവർത്തനം, ഭിന്നശേഷി കുട്ടികൾക്കായുള്ള സ്പെഷ്യൽ കെയർ സെന്ററിന്റെ പ്രവർത്തനങ്ങൾ, കാർഷിക പ്രവർത്തനങ്ങൾ, കലാമേളകളിലെ സാന്നിധ്യം തുടങ്ങിയ നേട്ടങ്ങൾ നാളിതുവരെ കാഴ്ചവയ്ക്കാൻ നമുക്ക് കഴിഞ്ഞിട്ടുണ്ട്. സ്കൂളിന്റെ ഭൗതിക സാഹചര്യങ്ങൾ മെച്ചപ്പെടുത്തിയതും, പി ടി എ യുടെ നേതൃത്വവും ഈ നേട്ടങ്ങൾക്ക് പിൻബലമായുണ്ട്. ഈ സ്കൂളിന്റെ തുടർന്നുള്ള വളർച്ചയിലും നിലനിൽപ്പിനും നാട്ടുകാരുടെയും പൊതു സ്ഥാപനങ്ങളുടെയും സഹകരണം പ്രതീക്ഷിക്കുകയാണ് നാരങ്ങാനം ഗവൺമെന്റ് ഹൈസ്കൂൾ.

## അധ്യാപകർ

| | | | |
|---|---|---|---|
| 1. | വിനിതകുമാരി വി | - | പ്രധാന അധ്യാപിക |
| 2. | ആഷ എസ് | - | എച്ച് എസ് ടി മലയാളം |
| 3. | പ്രദീപ് ടി ആർ | - | എച്ച് എസ് ടി മാത്സ് |
| 4. | സിമി പി വിൽസൺ | - | എച്ച് എസ് ടി സോഷ്യൽ സയൻസ് |
| 5. | ഭാമ ആർ | - | എച്ച് എസ് ടി ഫിസിക്കൽ സയൻസ് |
| 6. | ആശ പി | - | UPST |
| 7. | ലിഷ ടി അലി | - | UPST |
| 8. | അബിത കബീർ | - | UPST |
| 9. | രാജസൂര്യ കെ ആർ | - | LPST |
| 10. | വിദ്യാവിജയൻ | - | LPST |
| 11. | സുമ ആർ | - | LPST |
| 12. | സ്വപ്ന എൽ | - | LPST |
| 13. | സാജിദ് | - | അറബി |
| 14. | അജിതാഭായി | - | പ്രവൃത്തിപരിചയം |
| 15. | പ്രിയ പി നായർ | - | റിസോഴ്സ് അധ്യാപിക |
| 16. | | - | എച്ച് എസ് ടി ഹിന്ദി (Daily Wage) |
| 17. | | - | എച്ച് എസ് ടി ഇംഗ്ലീഷ് (Daily Wage) |

4

## 2025-26 മാസ്റ്റർപ്ലാൻ പൊതുലക്ഷ്യങ്ങൾ

* സ്കൂളിൽ എത്തിച്ചേരുന്ന കുട്ടികൾക്ക് അതത് ക്ലാസ്സിൽ നേടേണ്ട പഠന ശേഷികൾ കൈവരിച്ചു എന്ന് ഉറപ്പുവരുത്തുക.
* പ്രൈമറി ക്ലാസ്സുകളിൽ പഠനത്തിൽ പിന്നാക്കാവസ്ഥയിലുള്ള കുട്ടികൾക്ക് അക്ഷരങ്ങൾ ഉറപ്പിക്കുക .
* UP, HS എന്നീ വിഭാഗങ്ങളിൽ വാക്കുകൾ ,വാക്യങ്ങൾ എന്നിവയിൽ പഠനശേഷി നേടുക.
* കുട്ടികളുടെ സർഗ്ഗപരവും അക്കാദമികവും കലാപരവുമായ കഴിവുകൾ പരമാവധി പ്രോത്സാഹിപ്പിച്ച് ശ്രദ്ധേയമായ നേട്ടങ്ങൾ കൈവരിക്കാൻ പ്രാപ്തരാക്കുക.
* ചിത്രരചന, പ്രവൃത്തിപരിചയം എന്നിവയിൽ കുട്ടികളുടെ കഴിവുകൾ കണ്ടെത്തുക.
* എൽഎസ്എസ്, യുഎസ്എസ്,എൻ എം എം എസ് പരീക്ഷകളിൽ വിജയം ഉറപ്പുവരുത്താനുള്ള പ്രവർത്തനങ്ങൾ നടത്തുക.
* മലയാളം ,ഇംഗ്ലീഷ് ,ഹിന്ദി ,അറബി എന്നീ ഭാഷകളിൽ പ്രാവീണ്യം നേടുന്നതിനുള്ള പദ്ധതികൾ നടപ്പിലാക്കുക.
  ഈ ഭാഷകൾ എഴുതാനും വായിക്കാനും ശേഷി നേടുക.
* സ്കൂൾ ലൈബ്രറി പ്രയോജനപ്പെടുത്തി വായനശീലം ഉറപ്പുവരുത്തുക.
* എസ് എസ് എൽ സി പരീക്ഷയിൽ മികച്ച വിജയം ഉറപ്പാക്കുക.
* ഐ സി ടി സാധ്യത പ്രയോജനപ്പെടുത്തിയുള്ള പഠനം ഉറപ്പാക്കുക
* കാർഷിക സംസ്കാരം വളർത്തിയെടുക്കുക.

6

## കാഴ്ചപ്പാട്

മുഴുവൻ കുട്ടികൾക്കും അറിവിന്റെ ഉയർന്ന തലങ്ങളിലേക്ക് എത്താൻ സഹായകമായ പഠന അവസരം
ലഭ്യമാകും.
പ്രത്യേക പരിഗണന ലഭിക്കുന്നതിലൂടെ പഠനത്തിൽ പിന്നോക്കം നിൽക്കുന്നവർ മുഖ്യധാരയിൽ
എത്തുകയും കഴിവിന്റെ സാധ്യമായ ഉയർന്ന തലത്തിലേക്ക് എത്തിച്ചേരുകയും ചെയ്യും.
കാർഷിക സംസ്കാരമുള്ള പുതുതലമുറ വളരും.
കുട്ടിയുടെ മികവിന്റെ സമസ്ത മേഖലകളുടെയും വികാസം ലക്ഷ്യമിടുന്ന പ്രവർത്തനങ്ങളിലൂടെ
സർഗപരമായ എല്ലാ കഴിവുകളും വികസിക്കും.
കലാകായിക പ്രവൃത്തി പരിചയ വിദ്യാഭ്യാസത്തിന് അനുഗുണമായ ഭൗതിക സാഹചര്യങ്ങൾ
സൃഷ്ടിക്കപ്പെടും.
ഇതിന് ആവശ്യമായ അധ്യാപകരെ വിദ്യാലയങ്ങളിൽ നിയമിക്കും.

## അക്കാദമിക മികവിനായി ഏറ്റെടുക്കേണ്ട പ്രവർത്തനങ്ങൾ

### വികസന ലക്ഷ്യങ്ങൾ

1. ഭാഷാശേഷി വികസനം
2. ഗണിത ശേഷി വികസനം
3. ഇംഗ്ലീഷ് പഠനം അനായാസമാക്കൽ
4. വായന എഴുത്ത് ശേഷി വർദ്ധിപ്പിക്കൽ
5. ശാസ്ത്ര പോഷണ പരിപാടി
6. ലൈബ്രറി ശാക്തീകരണം
7. പഠനയാത്രകൾ
8. അധ്യാപക ശാക്തീകരണം സ്കൂൾ SRG തലം
9. പ്രവൃത്തി പരിചയ പരിശീലനം
10. പച്ചക്കറിത്തോട്ടം

1. IT പഠനം കാര്യക്ഷമമാക്കൽ

12 Class PTA കാര്യക്ഷമമാക്കൽ

# അക്കാദമിക മാസ്റ്റർ പ്ലാൻ 2025-26

വിദ്യാലയത്തിന്റെ പേര് : ജി. എച്ച്. എസ്. നാരങ്ങാനം
വിഭാഗം : എൽ. പി. ക്ലാസ്സ്: I
വിഷയം : ഭാഷ

**ആമുഖം :-**

ഒന്നാം ക്ലാസ്സിലെ കുട്ടികളുടെ സമഗ്ര വികസനമാണ് രക്ഷിതാവും അധ്യാപകരും ലക്ഷ്യം വക്കുന്നത്. വിവിധ വ്യവഹാര രൂപങ്ങൾ, ശില്പശാല സംയുക്തഡയറി, എന്നിങ്ങനെ വിവിധ മേഖലകൾ കുട്ടി കൈവരിക്കേണ്ടതുണ്ട്. ഓരോ മാസവും മുൻകൂട്ടി വിവിധ പ്രവർത്തന ഘട്ടത്തിലൂടെ കുട്ടിയും രക്ഷിതാവും അധ്യാപകരും ഇറങ്ങിച്ചെല്ലുന്നു. സമഗ്ര ഗുണമേന്മ പദ്ധതിയുടെ ഭാഗമാണ് അക്കാദമിക മാസ്റ്റർ പ്ലാൻ. ജൂൺ മുതൽ മാർച്ച് വരെയുള്ള കാലയളവിൽ നടപ്പിലാക്കുന്നതും തുടർപ്രവർത്തന സാധ്യതയുള്ളതുമായ ഒന്നാണ് അക്കാദമിക മാസ്റ്റർ പ്ലാൻ.

**ലക്ഷ്യം :-** ഒന്നാം ക്ലാസ്സിലെ എല്ലാ കുട്ടികളെയും എഴുതാനും വായിക്കാനും സ്വയം വ്യവഹാര രൂപങ്ങളിൽ ഏർപ്പെടാനുള്ളവരാക്കുക. ആശയാവതരണ രീതിയിലൂടെ അക്ഷരം, ചിഹ്നം എന്നിവ ഉറപ്പിക്കുന്നതിനു വേണ്ടിയുള്ള പ്രവർത്തനങ്ങൾ നടപ്പിലാക്കുക.

**പ്രവർത്തന ലക്ഷ്യങ്ങൾ :-**

ഒന്നാം ക്ലാസ്സിലെ എല്ലാ കുട്ടികളും തെറ്റില്ലാത്ത ഭാഷയിൽ പരിചയിച്ച അക്ഷരങ്ങൾ ഉപയോഗിച്ച് ചെറുവാക്യങ്ങൾ എഴുതൽ, സംയുക്ത ഡയറി തയ്യാറാക്കൽ.

## ജൂൺ

പ്രവർത്തനങ്ങൾ :-

- സചിത്ര നോട്ട്ബുക്ക്, സചിത്ര ആസൂത്രണം, അക്കാദമിക മാസ്റ്റർ പ്ലാൻ തയ്യാറാക്കൽ
- സചിത്ര ഡയറി, സംയുക്ത ഡയറി എന്നെ ആശയം രക്ഷിതാക്കളെ ബോധ്യപ്പെടുത്തൽ
- അക്കാദമിക മാസ്റ്റർ പ്ലാൻ അവതരണം
- ചിത്ര കാർഡുകൾ, വായന കാർഡുകൾ, നിർമ്മാണ ശില്പശാല.

## ജൂലൈ

- സംയുക്ത ഡയറി എഴുതാൻ സഹായം ഒരുക്കൽ
- കുട്ടിക്ക് കഥ പറയാൻ അവസരം ഒരുക്കൽ
- വായന മൂല, ക്ലാസ് ലൈബ്രറി ഒരുക്കൽ
- രക്ഷിതാവിന്റെ സഹായത്തോടെ സംയുക്ത ഡയറി എഴുതുന്നു
- പുസ്തകങ്ങൾ തൊട്ടറിയാനും, നിരന്തരം എടുത്തു നോക്കാനും അവസരം ഒരുക്കുന്നു
- ചെറിയ കഥകൾ കേൾക്കാൻ അവസരം ഒരുക്കുന്നു
- ചിത്ര വായനക്ക് അവസരം ഒരുക്കുന്നു.

## ആഗസ്റ്റ്

- റീഡേഴ്സ് തീയേറ്റർ, നിർമ്മാണ ശില്പശാല, പാട്ടരങ്ങ്
- ഭാഷാവികസനത്തിന് അവസരം ഒരുക്കുന്നു
- സംയുക്ത ഡയറി എഴുത്ത് തുടരുന്നു.

•) പാഠപുസ്തകത്തിലെ രചനകൾ ഭാവാത്മകമായി അവതരിപ്പിക്കുന്നു.
•) ഭാവാത്മക വായനയിലേക്ക് കുട്ടികളെ നയിക്കുന്നു.

<u>സെപ്റ്റംബർ</u>

•) സംയുക്ത ഡയറി മെച്ചപ്പെടുത്താൻ അവസരം ഒരുക്കുന്നു.
•) സ്വതന്ത്ര രചന പരിപോഷിപ്പിക്കുന്നതിന് അവസരം ഒരുക്കുന്നു
•) ചെറിയ ചെറിയ വാക്യങ്ങളിലൂടെ സംയുക്ത ഡയറി മെച്ചപ്പെടുത്തുന്നു.
•) വ്യക്തിഗതമായ രചനകൾക്ക് അവസരം ഒരുക്കുന്നു.

<u>ഒക്ടോബർ</u>

•) വായനോത്സവം സംഘടിപ്പിക്കുന്നു.
•) ആസ്വാദ്യകരമായ വായന നടത്തുന്നു.
•) ചിത്ര വായനക്ക് അവസരം ഒരുക്കുന്നു.
•) ഭാഷാപ്രവർത്തനങ്ങൾ സർഗാത്മകവും സജീവവുമാകുന്നു.
•) ഭിന്നനിലവാരക്കാരെ പരിഗണിച്ച് ഭാഷാപ്രവർത്തനങ്ങൾ ആസൂത്രണം ചെയ്ത് നടത്തു

<u>നവംബർ</u>

•) കൂട്ടുവായന, നാട്ടുവായന, വീട്ടുവായന, ചിത്ര വായന ഇവയെ പ്രോത്സാഹിപ്പി
•) വായനോത്സവം നടത്തുന്നു. രചനോത്സവം തുടങ്ങുന്നു.
•) പത്ര വായനക്ക് അവസരം ഒരുക്കൽ
•) താളാത്മകമായി കവിതകൾ ചൊല്ലൽ.
•) സംയുക്തഡയറിയിൽ കുട്ടി എഴുത്ത് കൂടുതലാക്കുന്നു
•) ചെറുകഥകൾ പങ്കിട്ട് കുട്ടികളെ സ്വതന്ത്ര വായനക്കാരാക്കുന്നു. ക്ലാസ് പത്രം രൂപപ്പെടുത്തു

## ഡിസംബർ

രചനാശേഷി പരിപോഷിപ്പിക്കൽ

- ദൈനംദിന അനുഭവങ്ങൾ തെറ്റില്ലാതെ ഭാഷയിൽ എഴുതുന്നു.
- ലഘുകഥകൾ, കവിതകൾ എന്നിവ എഴുതാൻ ശ്രമിക്കുന്നു.
- കണ്ടതും കേട്ടതും ആയ കാര്യങ്ങൾ ആശയം ചോർന്നുപോകാതെ പറയാനും എഴുതാനും കഴിയുന്നു.
- പരസ്പരം പിന്തുണ ഉറപ്പിച്ച് കൂട്ടെഴുത്ത് പരിപോഷിപ്പിക്കുന്നു.
- സംയുക്ത ഡയറി കൂടുതൽ മെച്ചപ്പെടുത്തുന്നു.

## ജനുവരി

- കുട്ടികളെ എഴുത്തിന്റെ ലോകത്തിലേക്ക് എത്തിക്കുന്നതിനായുള്ള ലഘുരചന ശില്പശാലകൾ സംഘടിപ്പിക്കുന്നു.
- കുട്ടികൾ എഴുതിയ, ചെറു കവിതകൾ, കഥകൾ എന്നിവയുടെ പ്രകാശനം.
- കുട്ടികളുടെ സർഗശേഷികൾ സമൂഹത്തിന് മുമ്പിൽ അവതരിപ്പിക്കുന്നു.
- കുട്ടികളുടെ സ്വന്തം രചനകൾ ചേർത്ത് കൂട്ടെഴുത്ത് പുസ്തകം തയ്യാറാക്കുന്നു

## ഫെബ്രുവരി

- കുട്ടികളുടെ രചനകൾ മാഗസിൻ ആക്കുന്നു.
- ആശയ പൂർണ്ണതയോടെ തത്സമയ രചനകൾ നടത്തുന്നു.
- സ്വന്തമായി രചനകൾ നടത്തി കൂട്ടെഴുത്ത് പുസ്തകങ്ങൾ രൂപപ്പെടുത്തുന്നു
- ഭാഷോത്സവത്തിൽ ജനപ്രതിനിധികളുടെ പ്രാതിനിധ്യം ഉറപ്പാക്കുന്നു.
- കുട്ടികളുടെ മികവുകൾ സമൂഹത്തിന് മുന്നിൽ പ്രകടിപ്പിക്കുന്നു.

## മാർച്ച്

- കുട്ടികൾ തയ്യാറാക്കിയ കഥകൾ, കവിതകൾ പുസ്തകരൂപത്തിൽ ആക്കി പ്രകാശനം ചെയ്യുന്നു.
- വീട്ടുവായന, കൂട്ടുവായന, നാട്ടുവായന, ചങ്ങല വായന, സ്വന്തം വായന ഇവക്ക് പ്രോത്സാഹനം ഒരുക്കുന്നു.
- ഓരോ കുട്ടിക്കും ഓരോ പതിപ്പുകൾ

### വിലയിരുത്തൽ പ്രവർത്തനങ്ങൾ

- കുട്ടികൾ സ്വതന്ത്ര രചയിതാക്കളായി മാറിയിട്ടുണ്ട്.
- കുട്ടികളുടെ മികച്ച സ്വതന്ത്ര രചനകളെ വായന കാർഡുകളായി മാറ്റിയിട്ടുണ്ട്
- രചനോത്സവം ഭാഷാപ്രവർത്തനങ്ങളുമായി ഉറപ്പിച്ചിട്ടുണ്ട്.
- മികവുകൾ സമൂഹത്തിന് മുന്നിൽ തെളിക്കുന്നു.
- സംയുക്ത ഡയറി വഴി മികച്ച നേട്ടം കൈവരിക്കുന്നു.
- ഭാഷോത്സവത്തിന്റെ ഭാഗമായി പാട്ടുത്സവത്തിലെ മികവുകൾ അവതരിപ്പിക്കുന്നു
- സർഗാത്മകശേഷി വികസനത്തിനുള്ള കഴിവുകൾ, സാധ്യതകൾ ഉറപ്പാക്കുന്നു

അക്കാദമികം

ഉപമേഖല - ഭാഷ

ക്ലാസ് - II

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ഉചിതമായ വ്യവഹാര രൂപങ്ങളിലുള്ള ലേഖന മികവ് | 1) ലഘു രചനയിലേക്ക് നയിക്കുന്ന രചനാ ക്യാമ്പുകൾ<br>2) ലഘുപതിപ്പുകൾ തയ്യാറാക്കൽ | ഒക്ടോബർ നവംബർ ഡിസംബർ | SRG<br>SMC<br>ക്ലബ്ബുകൾ<br>PTA<br>ക്ലാസ് അധ്യാപിക | PTA |
| സർഗാത്മകതയെ തട്ടിയുണർത്തൽ | 1) രചനാ ശില്പശാല<br>→ കഥ, കവിത, രചനകൾക്കുള്ള വേദിയൊരുക്കൽ | ഡിസംബർ<br>ജനുവരി | SMC<br>അധ്യാപകർ<br>ക്ലബ്ബുകൾ<br>പ്രമുഖ വ്യക്തികൾ | SRG<br>SMC |

മേഖല : അക്കാദമികം

ഉപമേഖല : പരിസരപഠനം

ക്ലാസ് : II

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ശുചിത്വ ബോധമുള്ള വ്യക്തിത്വവും സമൂഹവും സൃഷ്ടിക്കുന്നതിന്. | ശുചിത്വ സർവ്വേ ക്ലാസുകൾ പോസ്റ്റർ രചനാ മത്സരം, അവതരണങ്ങൾ | ജൂൺ ജൂലൈ | ക്ലാസ് ടീച്ചർ SRG SMC | SMC |
| പ്രകൃതിയെ അറിയാൻ | പ്രകൃതി നടത്തം. | സെപ്തംബർ ഡിസംബർ | Teacher SRC SMC | |
| നാടറിയാൻ നാട്ടറിവുകൾ | കർഷകരുമായി അഭിമുഖം കൃഷിയിടത്തിലേക്ക് നമുക്കും കർഷകരാകാം. | ജനുവരി | SRG SMC നാട്ടുകാർ | |

മേഖല : അക്കാദമികം

ഉപമേഖല : പരിസരപഠനം

ക്ലാസ് : II

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ശുചിത്വ ബോധമുള്ള വ്യക്തിത്വവും സമൂഹവും സൃഷ്ടിക്കുന്നതിന്. | ശുചിത്വ സർവ്വേ ക്ലാസുകൾ പോസ്റ്റർ രചനാ മത്സരം, അവതരണങ്ങൾ | ജൂൺ ജൂലൈ | ക്ലാസ് ടീച്ചർ SRG SMC | SMC |
| പ്രകൃതിയെ അറിയാൻ | പ്രകൃതി നടത്തം. | സെപ്റ്റംബർ ഡിസംബർ | Teacher SRC SMC | |
| നാടറിയാൻ നാട്ടറിവുകൾ | കർഷകരുമായി അഭിമുഖം കൃഷിയിടത്തിലേക്ക് നമുക്കും കർഷകരാകാം. | ജനുവരി | SRG SMC നാട്ടുകാർ | |

മേഖല : അക്കാദമികം
ഉപമേഖല : ഗണിതം
ക്ലാസ് : II

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ഗണിത ചിന്താശേഷി വളർത്തൽ | → ഒരു ദിനം ഒരു ചോദ്യം [കുസൃതി കണക്കുകളും ഗണിത പസിലുകളും പരിചയപ്പെടുത്തൽ] | ആഴ്ചയിൽ ഒന്നു വീതം | SRG ക്ലാസ് ടീച്ചർ | SSA |
| | ഗണിതം കളികളിലൂടെ | മാസത്തിൽ ഒന്ന് വീതം. | | |

മേഖല
അക്കാദമികം

ഉപമേഖല - ഇംഗ്ലീഷ്

ക്ലാസ് - II

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ആത്മവിശ്വാസത്തോടെ ഇംഗ്ലീഷ് ഭാഷ സംസാരിക്കുവാനുള്ള അവസരമൊരുക്കൽ | Let's talk പ്രതിഭാധനരുമായി സംവദിക്കൽ | മൂന്ന് മാസത്തിൽ ഒന്ന് | SRG | |
| | English ബാലസഭ | മാസത്തിൽ ഒന്ന് | Class Teacher | SSA |
| | ഇംഗ്ലീഷ് അസംബ്ലി | | SMC | |
| | One day English | ആഴ്ചയിൽ ഒന്ന് | | |

# അക്കാദമിക് മാസ്റ്റർ പ്ലാൻ ക്ലാസ് - III

## മലയാളം.

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ഭാഷാപരമായ പിന്നോക്കാവസ്ഥ പരിഹരിക്കൽ | ഭാഷാപരമായി പിന്നോക്കം നിൽക്കുന്നവർക്ക് പ്രത്യേകം പരിശീലനം സംഘടിപ്പിക്കൽ ആവശ്യമായ സാമഗ്രികൾ | ലക്ഷ്യം നേടുന്നതുവരെ | SRG | PTA ഫണ്ട് |
| സാഹിത്യ പ്രതിഭകളെ അടുത്തറിയാം | 1. കവികളെ കുറിച്ചുള്ള ഡോക്യുമെന്ററി പ്രദർശനം<br>2. പുസ്തകശേഖരണവും പ്രദർശനവും | ജൂൺ | അധ്യാപകർ | |
| വായനപരിപോഷണം | പുസ്തക ശേഖരണം. | നവംബർ | SRG | |
| എഴുത്ത് പരിപോഷിപ്പിക്കൽ | പാഠഭാഗങ്ങളിൽ നിന്നും പഠനപ്രവർത്തനങ്ങളിൽ നിന്നും നേടിയ ശേഷികൾ | പ്രതിമാസം | class ടീച്ചർ | |

# English

| AIM | Activities | Time | |
|---|---|---|---|
| To speak Read | Games, Action song<br>· Hello English activities<br>· Conversations<br>· Skit, stories | June - July | |
| Speaking skills | Picture - description, self Introduction | | |
| Reading skills | book reading<br>Find words<br>rhyming words<br>TB activities | August<br>September | |
| Writing skills | make word web<br>picture description<br>make riddles | October | |
| To express thoughts, feelings | conversation<br>Notice making | November<br>December | |
| Writing skills | Diary<br>Announcement | February<br>March | |

# മലയാളം IV

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ഭാഷാപരമായ പിന്നോക്കാവസ്ഥ പരിഹരിക്കൽ | * പ്രത്യേക പരിശീലനം<br>* ചിഹ്നനമുറപ്പിക്കൽ<br>* വായനാക്കാർഡ് | ലക്ഷ്യം നേടുന്നത് വരെ | CPTA<br>SRG<br>Class Teacher | PTA ഫണ്ട് |
| വായിക്കാം വളരാം | | | | |
| വായനാശേഷി വളർത്തൽ | * ക്ലാസ്സ് വായനാക്കൂട്ടം<br>* class ലൈബ്രറി<br>* പുസ്തകപരിചയം<br>* രചനാക്കുറിപ്പ്<br>* പത്രവായന മത്സരം | വർഷം മുഴുവൻ | HM<br>SRG<br>Class Teacher<br>CPTA | PTA |
| എഴുതാം തെളിയാം | | | | |
| എഴുത്ത് പരിപോഷിപ്പിക്കൽ | പാഠഭാഗങ്ങളിൽ നിന്ന് നേടിയ ശേഷികൾ | പ്രതിവാരം | Class Teacher | |
| കണ്ടറിയാം കേട്ടറിയാം | | | | |
| റിവ് ICT യിലൂ ട നേടുന്നു. | പാഠഭാഗങ്ങളുമായി ബന്ധപ്പെട്ട വിവിധ വീഡിയോകൾ | ആവശ്യാനുസരണം | Class Teacher | |

# MATHS IV

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ഗണിത പഠനം രസകരമാക്കൽ (ചതുഷ്ക്രിയകൾ, ലളിതമാക്കൽ) | വിവിധതരം കളികൾ ആസൂത്രണം ചെയ്യൽ കൃത്യനിർണയം ഏണിയും പാമ്പും കളി | വർഷം മുഴുവൻ | SRG Class Tr | PTA |
| ഗണിത ശാസ്ത്ര പഠനം രസകരമാക്കൽ. കര ചലന ശേഷി വികാസം | ഒറിഗാമി രൂപങ്ങളുടെ പ്രദർശനം. | വർഷത്തിലൊരിക്കൽ | Class Tr | PTA |
| ഗണിത പഠന പ്രവർത്തനം സുതാര്യമാക്കൽ | ഗണിത ലാബ് ഒരുക്കൽ - പഠനത്തിന് ഉപയോഗപ്പെടുത്തൽ | വർഷം മുഴുവൻ | Class Tr | PTA |

# EVS - IV

| ലക്ഷ്യം | പ്രവർത്തനം | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| നിരീക്ഷണം - അറിവുനിർമാണം | പാഠഭാഗവുമായി ബന്ധപ്പെട്ട ഫീൽഡ് ട്രിപ്പുകൾ സംഘടിപ്പിക്കുന്നു. | ആവശ്യാനുസരണം | HM<br>CPTA | PTA |
| ശാസ്ത്രമേള | | | | |
| ശാസ്ത്രപഠനം ലളിതവും രസകരവുമാക്കൽ | ശാസ്ത്രപഠനത്തിനാവശ്യമായ സാമഗ്രികൾ ഒരുക്കൽ | വർഷം മുഴുവൻ | HM<br>SRG<br>Class TR | PTA<br>SSA |
| ശാസ്ത്രയാത്ര | | | | |
| ശാസ്ത്ര പഠനത്തിന്റെ താൽപര്യം ജനിപ്പിക്കൽ | വാന നിരീക്ഷണ കേന്ദ്രം<br>സയൻസ് പാർക്ക്<br>ഫോക്‌ലോർ അക്കാദമി | ആവശ്യാനുസരണം | HM<br>SRG<br>CPTA<br>Class TR | PTA |

# ENGLISH IV

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | [illegible] |
|---|---|---|---|---|
| English Assembly | | | | |
| ഇംഗ്ലീഷ് ഫലപ്രദമായി വായിക്കുവാനും എഴുതാനും സംസാരിക്കുവാനുമുള്ള ശേഷി. | ആഴ്ചയിൽ ഒരുദിവസ അസംബ്ലി ചേരൽ നിയന്ത്രണം കുട്ടികൾക്ക്. | വർഷം മുഴുവൻ | Class Teacher | |
| English Diary | | | | |
| തെറ്റില്ലാതെ ഇംഗ്ലീഷ് എഴുതാനുള്ള ശേഷി | നിത്യവും വീട്ടിലും വിദ്യാലയത്തിലും നടന്ന പ്രവർത്തനങ്ങൾ ഇംഗ്ലീഷ് ഡയറിക്കുറിപ്പായി എഴുതുക. | മാസത്തിൽ എല്ലാ ദിവസവും | Class Teacher | SMC |
| ഇംഗ്ലീഷ് തിയേറ്റർ | | | | |
| സർഗാത്മകതാ പരിപോഷണം | ഭാഷാരൂപങ്ങളെ വ്യവഹാരരൂപങ്ങളായി അവതരിപ്പിക്കുന്നു. (Skit, Drama, Story telling) | മാസത്തിലൊന്ന് | Class Teacher | SM |

| | | | | |
|---|---|---|---|---|
| …തെറ്റ് കൂടാതെ …ംഗ്ലീഷ് എഴുതാൻ …പ്തരാകുന്നു | Learning ladder – പാഠഭാഗത്തിൽ നിന്നും തിരഞ്ഞെടുത്ത അഞ്ച് വാക്കുകൾ ചാർട്ടിലെഴുതി കണ്ണാടിയിൽ നിന്നും വായിക്കുവാൻ കുട്ടികൾക്ക് അവസരം നൽകുന്നു. ഏറ്റവും വാക്കുകളും ശരിയായി കണ്ടെത്തുന്നവർക്ക് പടിപാടിയായി ഏണിയുടെ ഉയരങ്ങൾ കീഴടക്കാൻ സാധിക്കുകയും ഒളിഞ്ഞിരിക്കുന്ന സമ്മാനം ലഭിക്കുകയും ചെയ്യുന്നു | സെപ്റ്റംബർ | ഇംഗ്ലീഷ് അധ്യാപകൻ | |
| | My droplets – കുട്ടികളുടെ കലാസൃഷ്ടി ഉൾപ്പെടുത്തി ക്ലാസ് മാഗസിൻ തയ്യാറാക്കുന്നു | വർഷാവസാനം | ഇംഗ്ലീഷ് അധ്യാപകൻ | |
| | Alert zone – സൂചന ബോർഡുകൾ, പോസ്റ്ററുകൾ, നോട്ടീസുകൾ എന്നിവ സ്കൂൾ അന്തരീക്ഷത്തിലും ക്ലാസ് റൂമുകളിലൂടെയും പ്രദർശിപ്പിക്കുന്നു | ദിനാചരണങ്ങളിൽ | ഇംഗ്ലീഷ് അധ്യാപകൻ | |
| | Run baby Run – ക്ലാസിനെ ഗ്രൂപ്പുകളാക്കുന്നു. ചാർട്ടിലെഴുതി പ്രദർശിപ്പിച്ച വാക്കുകൾ ഓരോ ഗ്രൂപ്പും വായിച്ചതിനു ശേഷം മറ്റൊരു ചാർട്ടിലേക്ക് തെറ്റു കൂടാതെ എഴുതുന്നു. ഏറ്റവും ആദ്യം വാക്യങ്ങൾ തെറ്റു കൂടാതെ എഴുതിയ ഗ്രൂപ്പിനെ വിജയികളായി പ്രഖ്യാപിക്കുന്നു | ഫെബ്രുവരി | ഇംഗ്ലീഷ് അധ്യാപകൻ | |
| | Fun time Funda – കടംകഥകൾ, കുസൃതി ചോദ്യങ്ങൾ, ഫലിതങ്ങൾ എന്നിവ തയ്യാറാക്കി ക്ലാസിൽ അവതരിപ്പിക്കുവാൻ അവസരം നൽകുന്നു | എല്ലാ ഇംഗ്ലീഷ് പീരിയഡും | ഇംഗ്ലീഷ് അധ്യാപകൻ | |

മേഖല യു.പി. ഇംഗ്ലീഷ്

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 1) ശരിയായി ഇംഗ്ലീഷ് ശ്രവിക്കാനും അനായാസം സംസാരിക്കുവാനും അവസരം ഒരുക്കുന്നു. | Lend your Ear – ലളിതവും രസകരവുമായി ഇംഗ്ലീഷ് റെക്കോർഡ് ചെയ്ത് കേൾപ്പിക്കുന്നു. ബന്ധപ്പെട്ട ചോദ്യങ്ങൾക്ക് അനുയോജ്യമായ ഉത്തരങ്ങൾ നൽകുവാൻ കുട്ടിയെ പ്രോത്സാഹിപ്പിക്കുന്നു. | ജൂലൈ | ഇംഗ്ലീഷ് അധ്യാപകൻ | ഇംഗ്ലീഷ് ക്ലബ്ബ് |
| | Follow me if you Can – ഇംഗ്ലീഷിൽ നൽകുന്ന നിർദ്ദേശങ്ങൾ അനുസരിച്ച് പ്രവർത്തിക്കുവാനുള്ള പരിശീലനം നൽകുന്നു. | ജൂൺ | ഇംഗ്ലീഷ് അധ്യാപകൻ | |
| | Breaking News : ഇംഗ്ലീഷ് റേഡിയോ വാർത്തകൾ കേൾപ്പിക്കുന്നു. ശരിയായ ഉച്ചാരണം ശ്രവിക്കുവാൻ അവസരം ഒരുക്കുന്നു. | നവംബർ | ഇംഗ്ലീഷ് അധ്യാപകൻ | |
| | Treasure hunt<br>വ്യത്യസ്തമായ വസ്തുക്കൾ ഉപയോഗിച്ച് വിടുന്ന അടയാളങ്ങൾ ഉണ്ടാക്കുന്നു. ഓരോ അടയാളങ്ങൾക്കും നമ്പർ നൽകി നടത്തുന്നതിലൂടെ ലഭിക്കുന്ന വസ്തുവിനെക്കുറിച്ച് വർണ്ണിക്കുന്നു. വസ്തു ഏതെന്ന് ആദ്യം കുട്ടികൾ തിരിച്ചറിയുന്ന പോയിന്റ് നൽകുന്നു. | ജൂൺ - ആഗസ്റ്റ് | ഇംഗ്ലീഷ് അധ്യാപകൻ | |
| 2) ഭാവാത്മക വായന പരിശീലിപ്പിക്കുന്നു. | Too Can – വ്യത്യസ്ത തലങ്ങളിലായി വിവിധ വായന കാർഡുകൾ ക്രമീകരിക്കുന്നു. തെറ്റുകൂടാതെ വായിക്കുവാൻ അവസരം നൽകുന്നു. | ജൂലൈ | ഇംഗ്ലീഷ് അധ്യാപകർ | |

## അക്കാദമിക മാസ്റ്റർ പ്ലാൻ നിർവ്വഹണ പദ്ധതി

വിദ്യാലയത്തിന്റെ പേര് : ഗവ. എച്ച്. എസ് നാരങ്ങാനം

വിഭാഗം : UP

വിഷയം : ഗണിതം

സാഹചര്യ വിശകലനം : Pre_test

| Std | മികച്ച പ്രകടനം കാഴ്ചവെക്കുന്നവർ | പിന്തുണയോടെ പ്രവർത്തനം ചെയ്യുന്നവർ | പിന്നോക്കം നിൽക്കുന്നവർ |
|---|---|---|---|
| V | 1 | 4 | 5 |
| VI | | 4 | 1 |
| VII | 4 | 5 | 1 |

മേഖല : ഗണിതം

പ്രവർത്തന പരിപാടിയുടെ പേര് : മധുരം ഗണിതം

പ്രതീക്ഷിത നേട്ടങ്ങൾ : എല്ലാ കുട്ടികളിലും ചതുഷ്ക്രിയ ഉറപ്പിക്കൽ

: രസകരമായ ഗണിതശാസ്ത്ര പഠനവും കരവലന ശേഷികളുടെ വികാസവും.

ഗണിതത്തിൽ പിന്നോക്കം നിൽക്കുന്ന കുട്ടികളെ മുൻനിരയിലെത്തിക്കുക.

| ക്രമ നമ്പർ | ലക്ഷ്യം | പ്രവർത്തനങ്ങൾ | നിർവഹണ കാലയളവ് | ചിലവ് | ചുമതല | മോണിറ്ററിംഗ് |
|---|---|---|---|---|---|---|
| 1. | അടിസ്ഥാന ഗണിത ക്രിയകൾ എല്ലാ പഠിതാക്കളും ഉറപ്പുവരുത്തുന്നു | കളിരീതിയിലൂടെ അടിസ്ഥാന ക്രിയകൾ ഉറപ്പിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നൽകുന്നു നമ്പർ കാർഡ്, മഞ്ചാടിക്കുരു, മുത്തുകൾ --- ഉപയോഗിക്കുന്നു | രണ്ട് മാസം | | അധ്യാപിക | HM SRG കൺവീനർ |
| 2. | രസകരമായ ഗണിതശാസ്ത്ര പഠനവും കരവലന ശേഷികളുടെ വികാസവും | ജാപ്പനീസ് കലയായ ഒറിഗാമിയിലൂടെ ഗണിതശേഷികൾ കൈവരിക്കുന്നതിനുള്ള പരിശീലനം നൽകൽ. വിവിധ രൂപങ്ങൾ നിർമ്മിക്കുന്നു അവയുടെ ഗണിതസവിശേഷതകൾ പരിചയപ്പെടുത്തൽ, പ്രദർശനം സംഘടിപ്പിക്കൽ | വർഷത്തിൽ ഒരു പ്രാവശ്യം | | അധ്യാപിക | HM, SRG കൺവീനർ |

| | | | | | | |
|---|---|---|---|---|---|---|
| 3 | ഗണിതപഠന പ്രവർത്തനങ്ങൾ സുഗമമാക്കൽ | വിദ്യാലയത്തിലെ ഒരു മുറിയിൽ ഗണിതലാബ് സജ്ജമാക്കൽ ഗണിതലാബിൽ വെച്ച് ഗണിതക്ലാസ് നടത്തൽ | അദ്ധ്യയന വർഷം | | അദ്ധ്യാപിക | HM SRG കൺവീനർ |
| 4 | ഗണിതത്തിൽ പിന്നോക്കം നിൽക്കുന്ന കുട്ടികളെ മുന്നിരയിലെത്തിക്കൽ | ഗണിതത്തിൽ പിന്നോക്കം നിൽക്കുന്ന കുട്ടികളെ കണ്ടെത്തി ഗണിത അദ്ധ്യാപകരും മുന്നിരയിൽ നിൽക്കുന്ന കുട്ടികളും ചേർന്ന് വേണ്ട മാർഗനിർദേശങ്ങൾ നൽകുക പോരായ്മകൾ കണ്ടെത്തി ആവശ്യമായ പ്രവർത്തനങ്ങൾ നൽകുക | ആഴ്ചയിൽ ഒരു പിരീഡ് | | അദ്ധ്യാപിക | HM SRG കൺവീനർ |
| 5 | ഗണിതം മധുരമാക്കൽ | ജ്യാമിതീയ രൂപങ്ങൾക്ക് പ്രാധാന്യം നൽകി വിദ്യാലയ മുറ്റത്ത് പൂന്തോട്ടം സജ്ജമാക്കൽ | ഒരു പ്രാവശ്യം | | അദ്ധ്യാപിക | HM. SRG കൺവീനർ |
| 6 | ക്ലാസ് പിറ്റിഎ | പ്രവർത്തനങ്ങളുടെ വിലയിരുത്തി [illegible] നടത്തി | | | | |

# യു.പി. മലയാളം

സമയം – ഒരു വർഷം.

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശ |
|---|---|---|---|---|
| ഭാഷയുടെ അടിസ്ഥാനശേഷി വികസനം ലക്ഷ്യമാക്കി ബോധനം നടത്താനും പദസമ്പത്ത് വളർത്താനും പഠിതാക്കളെ പ്രാപ്തരാക്കുക. | (1) എന്റെ അവധിക്കാലം<br>പഠിതാക്കൾ അവരുടെ അവധിക്കാല അനുഭവങ്ങൾ വിവിധ വ്യവഹാരങ്ങളിലൂടെ (കഥ, കവിത, യാത്രാനുഭവം, അനുഭവക്കുറിപ്പ്) അവതരിപ്പിക്കുന്നു. | ജൂൺമാസം | മലയാളം അധ്യാപകർ | |
| | ഭാഷാകേളി<br>അക്ഷരങ്ങളും പദങ്ങളും ആവർത്തിച്ച് വരുന്ന വരികൾ ഉച്ചരിച്ച് അക്ഷരശുദ്ധി ആസ്വാദനം എന്നിവ വളർത്തുന്നു.<br>വാക്കുകളിൽ നിന്നും വാക്യത്തിലേക്ക് | ജൂൺ മാസം | മലയാളം അധ്യാപകർ | |
| | അക്ഷരങ്ങളും ചിഹ്നങ്ങളും ഉൾക്കൊണ്ട കാർഡുകൾ ഉപയോഗിച്ച് പദങ്ങളുടെയും വാക്യങ്ങളുടെയും നിർമ്മാണം. | ജൂൺ മാസം | മലയാളം അധ്യാപകർ | |
| പഠിതാവിൽ വാർത്താധിഷ്ഠിതമായ വായന ഉറപ്പുവരുത്തുക. | വാർത്താലോകത്തേക്ക്<br>പത്രം, ആഴ്ചപ്പതിപ്പ്, മാസികകൾ എന്നിവ പഠിതാക്കൾ വായിക്കുകയും പ്രതികരണശേഷി ഉണർത്തുകയും ഉച്ചാരണശുദ്ധി വളർത്തുകയും ചെയ്യുന്നു. | എല്ലാ ദിവസവും | മലയാളം അധ്യാപകർ | |

മേഖല : ശാസ്ത്രം , വിഭാഗം : HS

| ക്രമ നമ്പർ | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | നിർവഹണ ചുമതല | സാമ്പത്തിക ബാധ്യത |
|---|---|---|---|---|---|
| 1 | കുട്ടികളുടെ കഴിവുകളും പരിമിതികളും തിരിച്ചറിയുക | 8, 9, 10 ക്ലാസുകളിലെ എല്ലാ കുട്ടികൾക്കും പ്രീടെസ്റ്റ് നടത്തി കുട്ടികളുടെ പഠന നിലവാരം നിർണയിക്കുന്നു. പരിഹാര പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യുന്നു. | ജൂൺ | ശാസ്ത്ര അധ്യാപിക | |
| 2 | ശാസ്ത്ര വിഷയങ്ങൾ പഠിക്കാൻ താല്പര്യം ഉണ്ടാക്കുക. ശാസ്ത്രത്തിന്റെ നേട്ടത്തിൽ അഭിമാനിക്കുക. | ദിനാചരണങ്ങൾ<br>ശാസ്ത്ര പ്രാധാന്യമുള്ള ദിനങ്ങളിൽ പ്രത്യേക അസംബ്ലി നടത്തുകയും അതിൽ ഓരോ ദിനത്തിന്റെയും പ്രാധാന്യം ഉൾക്കൊള്ളാൻ ആവശ്യമായ പ്രവർത്തനങ്ങൾ നടത്തുകയും ചെയ്യുക.<br>ശാസ്ത്ര ക്വിസ്<br>ക്വിസ് മത്സരങ്ങൾ നടത്തുക. ചോദ്യങ്ങൾ പ്രദർശിപ്പിക്കുക. | ജൂൺ - ഫെബ്രുവരി | ശാസ്ത്രാധ്യാപിക | |
| 3 | ശാസ്ത്രപുസ്തകങ്ങൾ വായന പ്രോത്സാഹിപ്പിക്കുക | സയൻസ് ലൈബ്രറി<br>സയൻസ് പുസ്തകങ്ങൾ ലൈബ്രറിയിൽ ഉൾക്കൊള്ളിക്കുക. അവ വായിക്കാൻ കുട്ടികൾക്ക് അവസരം | | | |

| ക്രമ നമ്പർ | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | നിർവഹണ ചുമതല | സാമ്പത്തിക വിശദാംശം |
|---|---|---|---|---|---|
| | | ശാസ്ത്ര സംബന്ധമായ ... നൽകുക. ശാസ്ത്ര ചിത്രങ്ങളും പത്രങ്ങളിലെ വാർത്തകളും ബോർഡിൽ പ്രദർശിപ്പിക്കുക. | ജൂൺ - ഫെബ്രുവരി | ശാസ്ത്രാധ്യാപിക. | |
| 4 | കുട്ടികളിൽ പരീക്ഷണ നിരീക്ഷണ പാടവം വളർത്തുക, ശാസ്ത്രാവബോധം വളർത്തുക. | ശാസ്ത്ര ലാബ് പ്രവർത്തനങ്ങൾ കുട്ടികൾക്ക് ഫലപ്രദമാക്കുക. ശാസ്ത്ര ലാബ് നവീകരണം. പരീക്ഷണ, നിരീക്ഷണങ്ങൾക്ക് ആവശ്യമായ ഉപകരണങ്ങൾ കുട്ടികൾക്ക് ലഭ്യമാക്കുക. പരീക്ഷണ-നിരീക്ഷണങ്ങളിൽ ഏർപ്പെട്ട് നിഗമനങ്ങളിൽ എത്തിച്ചേരാൻ കുട്ടികൾക്ക് അവസരങ്ങൾ നൽകുക | ജൂൺ - ഫെബ്രുവരി. | ശാസ്ത്രാധ്യാപിക. | |
| 5 | വിമർശനാത്മക ചിന്താശേഷി, പ്രശ്ന പരിഹാരത്തിന് ശാസ്ത്രീയ സമീപനം സ്വീകരിക്കാനുള്ള | പാഠഭാഗവുമായി ബന്ധപ്പെട്ട് അന്വേഷണാത്മക പ്രോജക്ടുകൾ ചെയ്ത് ശാസ്ത്രീയ രീതി പരിചയപ്പെടുക. സ്കൂൾതല ശാസ്ത്രമേളകൾ | | | |

മേഖല : ഗണിതം  വിഭാഗം : HS

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം | ക്ലാസ് |
|---|---|---|---|---|---|
| 1. നിത്യജീവിതത്തിൽ ആവശ്യമായി വരുന്ന ഗണിതത്തിലെ അടിസ്ഥാന ക്രിയകളിൽ പിന്നാക്കം നിൽക്കുന്നവരെ കണ്ടെത്തി പരിശീലിപ്പിക്കുക | • പ്രീടെസ്റ്റ് • പട്ടിക പരിശീലനം • വർക്ക് ഷീറ്റുകൾ • ഗ്രൂപ്പ് വർക്കുകൾ • റെക്കിങ് ചാർട്ട് • കാർഡ് കളി. | ജൂൺ. | ഗണിതാധ്യാപകൻ, ക്ലാസ് ടീച്ചർ. | | |
| 2. നിർമിതികളിലെ ശേഷി നേടിയെടുക്കാൻ. കൃത്യത, സൂക്ഷ്മത, ഏകാഗ്രത, ഗവേഷണമനോഭാവം തുടങ്ങിയ ഗുണങ്ങൾ വളർത്തുക. | • ഇൻസ്ട്രുമെന്റ് ബോക്സിന്റെ ഉപയോഗം • ഗണിതരൂപങ്ങളുടെ നിർമാണം • മോഡൽ നിർമാണം | ജൂലൈ – ഫെബ്രുവരി. | | | 8,9,10 |
| 3. ഗണിതത്തെ നിത്യജീവിതവുമായി ബന്ധിപ്പിച്ച് ആശയങ്ങളുടെ പ്രയോഗം ബോധ്യപ്പെടുത്തൽ ഉന്നതവിജയികളോടൊപ്പം പഠനത്തെ സഹായിക്കുന്നതിനാവശ്യമായ ഗണിതശേഷികൾ അനുഭവിപ്പിക്കുക | • നിത്യജീവിതവുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ അവതരിപ്പിക്കുക. | | | | |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം | ക്ലാസ് |
|---|---|---|---|---|---|
| 4 ഗണിതത്തിലൂടെ താത്പര്യം വളർത്തുക. ഗണിത ആസ്വാദനത്തിലൂടെ കഴിവ് ഉണ്ടാക്കിയെടുക്കുക. | · ഗണിതക്വിസുകൾ<br>· ഗണിതക്ലബ്ബ് പ്രവർത്തനങ്ങൾ<br>· പസിലുകൾ<br>· ഗണിതപാറ്റേണുകൾ നിർമിക്കുക. | | | | |
| 5 ജ്യാമിതിപ്പെട്ടിയിലെ ഉപകരണങ്ങൾ ശരിയായി ഉപയോഗിക്കാനുള്ള കഴിവ് വളർത്തുക. | · ഗണിതനിർമിതികൾ<br>· ചാർട്ട് നിർമാണം<br>· ഗണിതരൂപങ്ങൾ നിർമിക്കുക.<br>ഗണിതലാബ്. | | ഗണിതാധ്യാപകൻ<br>ക്ലാസ് ടീച്ചർ. | | 8, 9, 10 |
| 6 യുക്തിചിന്ത, സർഗാത്മക ചിന്ത എന്നിവ വളർത്തുക. | · പ്രോജക്ടുകൾ<br>· പസിലുകൾ | | | | |
| 7 ഗവേഷണപ്രവർത്തനത്തിൽ താത്പര്യം ഉണർത്തുക. | · ഗണിതശാസ്ത്രജ്ഞരുടെ ജീവചരിത്രം വായിക്കുക<br>· പ്രോജക്ടുകൾ<br>· സെമിനാറുകൾ | | | | |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം | ക്ലാസ് |
| --- | --- | --- | --- | --- | --- |
| 8. ഗണിതപ്രവർത്തനങ്ങളിൽ ICT ഉപയോഗിക്കുന്നതിനുള്ള കഴിവ് വളർത്തുക. | ഗണിതനിർമ്മിതികൾ ജിയോജിബ്ര ഉപയോഗിച്ച് അവതരിപ്പിക്കുന്നു | | | | |
| 9. സഹകരണമനോഭാവം ഉണ്ടാക്കൽ | സംഘപഠനം | തുടർപ്രവർത്തനം | ഗണിതാധ്യാപകർ. | | |
| 10. പ്രശ്നപരിഹാരത്തിന് ശാസ്ത്രീയ സമീപനം സ്വീകരിക്കാനുള്ള കഴിവ് വളർത്തുക. | ഗണിതപ്രശ്നങ്ങളെ നിത്യജീവിതവുമായി ബന്ധപ്പെടുത്തി അവതരിപ്പിക്കുന്നു | ജൂൺ - ഫെബ്രുവരി. | ക്ലാസ്ടീച്ചർ. | | 8,9,10 |
| 11. ഗണിതശാസ്ത്രവിദഗ്ധരിലേക്ക് ശ്രദ്ധയിൽ ഉൾക്കൊള്ളിക്കാൻ. | ഗണിതജ്ഞന്റെ പ്രവർത്തനങ്ങൾ പരിചയപ്പെടുത്തൽ. | | | | |

7 ഭാഷ

ഭാഷാശേഷി, മാസ്റ്റർ പ്ലാൻ ഉള്ളടക്കം

വിലയിരുത്തൽ പ്രവർത്തനങ്ങൾ

| | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലാവധി | ആവശ്യമായ വിഭവങ്ങൾ | ചുമതല | മാസം |
|---|---|---|---|---|---|---|
| | ഭാഷാശേഷികൾ ആർജ്ജിക്കാത്ത കുട്ടികൾക്ക് വായനയും എഴുത്തും വായിക്കാനുള്ള ശേഷി നേടിയെടുക്കൽ | പഠനത്തിൽ പിന്നോക്കക്കാർ<br>പഠനത്തിൽ പിന്നോക്കം നിൽക്കുന്ന കുട്ടികളെ കണ്ടെത്തി അവർക്ക് വേണ്ട കൈത്താങ്ങലുകൾ നൽകുന്നു. ദിനംപ്രതി കുട്ടികളെ കൂടി പരിഗണിച്ചു കൊണ്ടുള്ള പ്രവർത്തനങ്ങൾ<br>പാഠഭാഗത്തിലെ വാക്കുകൾ പകർത്തി എഴുതുന്നു. പല ആവർത്തി എഴുതുന്നു<br>കേട്ടെഴുത്ത്<br>പ്രവർത്തനം തുടരുന്നു വാക്കുകൾ തിരിച്ചു എഴുതുന്നു എഴുതിയ വാക്കുകൾ തെറ്റു വായിക്കുന്നു | ഒരു ദിവസത്തിൽ ഒരു മണിക്കൂർ<br>ഒരു ദിവസത്തിൽ ഒരു മണിക്കൂർ | | മലയാളം അധ്യാപിക | VIII<br>IX |

| നം | പ്രവർത്തനങ്ങൾ | കാലാവധി | സാമ്പത്തിക വിഭവങ്ങൾ | ചുമതല | ക്ലാസ് |
| --- | --- | --- | --- | --- | --- |
| | നിരന്തര വായനയിലൂടെ ഉച്ചാരണ ശുദ്ധിയോടെ വായിക്കാൻ സാധിക്കുന്നു<br>ബാലസാഹിത്യ കൃതികൾ വായിക്കാനായി നൽകുന്നു<br>പ്രയാസം നേരിടുന്ന വാക്കുകൾ പറഞ്ഞുതരാൻ ആവശ്യപ്പെടുന്നു.<br>പ്രവർത്തനം ഇടയ്ക്കും വായനയിലും മറ്റുള്ളവരുടെ പ്രോത്സാഹനവും നിലയ്ക്ക് പഠനം പ്രവർത്തനത്തിലെ ... ചെയ്യുന്നു.<br>പതിപ്പ് തയ്യാറാക്കൽ കുട്ടികളുടെ രചനകൾ | [illegible] | | മലയാളം അധ്യാപിക | VIII<br>IX |

| | | | | | |
|---|---|---|---|---|---|
| | | JULY | | | |
| സാമൂഹ്യബോധം സാമൂഹ്യചിന്ത, നിഗമനം ,നിരീക്ഷണം ചിന്താശേഷി വിമർശനാത്മക ശേഷി എന്നിവ കൈവരിക്കുക. | ദിനാചരണം<br>സ്വാതന്ത്ര്യദിനം,ഗാന്ധിജയന്തി,ശിശുദിനം,ഹിരോഷിമാദിനം,ഐക്യരാഷ്ട്രദിനം ,റിപ്പബ്ലിക്ദിനം,രക്തസാക്ഷിദിനം,ക്വിറ്റിന്ത്യാ ദിനം തുടങ്ങിയ ദിനങ്ങളിൽ പ്രത്യേക അസംബ്ലി നടത്തുകയും അതിൽ ഓരോ ദിനത്തിന്റെയും പ്രാധാന്യം ഉൾപ്പെടുത്തി വിവരണം തയ്യാറാക്കുകയും ചെയ്യുന്നു. | AUG - March | സോഷ്യൽ സയൻസ് അധ്യാപിക | HS | |
| | ക്വിസ്<br>ഓരോ ദിനത്തിന്റെയും പ്രത്യേകതകൾ ഉൾപ്പെടുത്തി | | | | |

| | | | | | | |
|---|---|---|---|---|---|---|
| | | ചോദ്യാവലി തയ്യാറാക്കി ക്വിസ് സംഘടിപ്പിക്കുന്നു. | | | | |
| | | <u>സംവാദം</u><br>സാമൂഹിക പ്രസക്തിയുള്ള വിഷയവുമായി ബന്ധപ്പെട്ട് സംവാദം നടത്തുന്നു. ഇതിൽ കുട്ടികളുടെ ആശയങ്ങൾ പ്രകടിപ്പിക്കുക വഴി അവരുടെ ചിന്താശേഷിയും വിമർശനാത്മക ശേഷിയും വർദ്ധി ക്കുന്നു. | | | | |
| | | <u>റോൾപ്ലേ</u><br>സ്വാതന്ത്ര്യസമരകാലത്തെ സംഭവങ്ങളുമായി ബന്ധപ്പെട്ട് റോൾപ്ലേ നടത്തുന്നു. ഇതിൽ പഠനത്തിൽ പിന്നോക്കം നിൽക്കുന്ന കുട്ടികളെ കൂടി ഉൾപ്പെടുത്തുന്നു. ഇ തിലൂടെ കുട്ടികൾ ചരിത്രസംഭവങ്ങളുടെ പ്രാധാന്യം കൂടുതൽ മനസ്സിലാക്കുകയും | | | | |

| | | | | |
|---|---|---|---|---|
| | സാമൂഹ്യബോധം വളർത്തിയെടുക്കാൻ സഹായിക്കുകയും ചെയ്യുന്നു. | | | |
| | <u>പത്രവാർത്താവായന</u><br><br>പത്രവാർത്തയുമായി ബന്ധപ്പെട്ട് ചോദ്യങ്ങൾ ക്ലാസ്സിൽ ചോദിക്കുന്നു. | | | |
| | <u>മാഗസിൻ തയ്യാറാക്കൽ</u> | | | |
| | ചരിത്രസംഭവങ്ങൾ, ചരിത്ര നേതാക്കന്മാർ എന്നിവ ഉൾപ്പെടുത്തിയ മാഗസിൻ തയ്യാറാക്കുന്നു. ഇത് കുട്ടികളുടെ വിമർശനാത്മക ശേഷി കൂട്ടുകയും ചരിത്രസംഭവങ്ങളോട് താല്പര്യവും ബഹുമാനവും വർദ്ധിക്കുന്നതിനു കാരണമാകുന്നു. | | | |

## അക്കാദമിക് മാസ്റ്റർ പ്ലാൻ 2025-26- ENGLISH

| ക്രമനമ്പർ | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | ക്ലാസ്സ് |
|---|---|---|---|---|---|
| 1 | ഹൈസ്കൂൾ ക്ലാസിലെ എല്ലാ കുട്ടികൾക്കും ഇംഗ്ലീഷ് എഴുതാനും വായിക്കാനും സംസാരിക്കാനുള്ള ശേഷി വളർത്തുക | <u>പഠനത്തിലെ കണ്ടെത്തലുകൾ</u><br>പ്രീ ടെസ്റ്റ് നടത്തി മികവുകളും പരിമിതികളും കണ്ടെത്തുന്നു. | JUNE - JULY | ENGLISH TEACHER | HS |
| | | <u>വായനാ മത്സരം</u><br>ഇംഗ്ലീഷ് വായിക്കാൻ ബുദ്ധിമുട്ടുള്ള കുട്ടികൾക്ക് വായനാ മത്സരം സംഘടിപ്പിക്കുന്നു. | AUGUST - SEPTEMBER | | |
| | | <u>കഥാ കവിതാ രചന</u><br>ഇഷ്ടമുള്ള വിഷയത്തെ സംബന്ധിച്ച് കഥയും കവിതയും എഴുതിപ്പിക്കുന്നു. ഇതിലൂടെ | OCTOBER - MARCH | | |

| | | | | | |
|---|---|---|---|---|---|
| | കുട്ടികളുടെ സ്വന്തമായി എഴുതാനുള്ള കഴിവ് വർദ്ധിക്കുന്നു. | | | | |
| | <u>പോസ്റ്റർനിർമ്മാണം</u><br>കുട്ടികളെക്കൊണ്ട് പ്രധാന ദിനങ്ങളിലെ പോസ്റ്റർ തയ്യാറാക്കുന്നു. | | | | |
| | <u>ഡയറി എഴുത്ത്</u><br>ഓരോ ദിവസത്തെയും ഡയറി എഴുതിക്കുന്നു. ഇതിലൂടെ ഇംഗ്ലീഷ് ഭാഷയിൽ കൂടുതൽ മികവ് തെളിയിക്കാൻ സാധിക്കുന്നു. | | | | |
| | <u>ക്രിക്കറ്റ് കമന്ററികൾ കേൾപ്പിക്കൽ.</u><br>ക്രിക്കറ്റ് കളിയുടെ കുറച്ച് ഭാഗങ്ങൾ കുട്ടികളെ കേൾ | | | | |

| | | | | | | |
|---|---|---|---|---|---|---|
| | | പ്പിക്കുന്നു. ഇതിലൂടെ ഇംഗ്ലീഷ് pronunciation മനസ്സിലാക്കാൻ സാധിക്കുന്നു. | | | | |
| | | <u>Discovery of New words</u><br>പാഠഭാഗത്ത് നിന്നും പുതിയ വാക്കുകൾ കണ്ടെത്തി meaning മനസ്സിലാക്കുന്നു. | | | | |